**M 27211**

Reg. No. : ..............................

Name : ..................................

THALASSERY

**II Semester M.A./M.Sc./M.Com. Degree (Reg./Supple./Improv.)**
**Examination, March 2015**
**MALAYALAM LANGUAGE AND LITERATURE**
**(2014 Admn. Onwards)**
**MAL 2 C07 : Novel Literature**

Time : 3 Hours Max. Marks : 80

I. **രണ്ടു** പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

1) 'ശാരദ' എന്ന നോവലിന്റെ സിരാകേന്ദ്രം ഒരു സിവിൽ വ്യവഹാരമാണ് – വിശദീകരിക്കുക.

2) സ്ത്രീ – പ്രകൃതി എന്ന അഭേദകല്പനയാണ് 'വിഷകന്യക'യുടെ അടിസ്ഥാന ദർശനത്തിന് ആധാരമായി വർത്തിക്കുന്നതെന്നു പറയാമോ ?

3) നോവലിന്റെ സാമ്പ്രദായികമായ ആഖ്യാനരീതിയെ പൊളിയിച്ചു കളയുന്ന കൃതിയാണ് 'ഗോവർദ്ധന്റെ യാത്രകൾ' – വിവരിക്കുക.

4) 'വിശ്വാസവഞ്ചന കൊലപാതകത്തെക്കാൾ ഭീകരമാണ് ' – മിസിസ്സ് മൽഹോത്ര ഈ വിധത്തിൽ ചിന്തിച്ചതെന്തുകൊണ്ട് ?

5) വിട്ടുവീഴ്ചയുടേതായ നാണക്കേടിനോട് ഒരിക്കലും രാജിയാവാത്ത മനസ്സാണ് 'പ്രകൃതിനിയമ'ത്തിലെ മുഖ്യകഥാപാത്രത്തിന്റേത് – വ്യക്തമാക്കുക. **(5×4=20)**

II. **നാലു** പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

6) എ) കഥാപാത്രങ്ങളുടെ അഭിജാതമായ ശോകത്തിനു മുന്നിൽ അനുഭാവത്തോടെ തലതാഴ്ത്തി നിൽക്കുന്ന ഗൗരവബുദ്ധിയാണ് 'ശാരദ'യിൽ കഥ പറയുന്ന ചന്തുമേനോൻ. – വിശദമാക്കുക.

**അല്ലെങ്കിൽ**

ബി) പാർശ്വവൽക്കരിക്കപ്പെട്ട ഒരു സമൂഹത്തിന്റെ ജീവിതത്തെ മുഖ്യധാരയിലേക്കു കൊണ്ടുവരുന്നതിൽ തകഴി എത്രത്തോളം വിജയിച്ചിട്ടുണ്ടെന്ന് 'തോട്ടിയുടെ മകനെ' ആസ്പദമാക്കി വിലയിരുത്തുക.

P.T.O.

7) എ) സമൂഹത്തിന്റെ നിത്യജീവിതത്തിൽ എന്നപോലെ സർഗാത്മക ജീവിതത്തിലും അധികാര വിനിമയത്തിന്റെ കെട്ടുപാടുകളുണ്ടെന്ന വസ്തുത ആനന്ദ് വിശദമാക്കുന്നതെങ്ങനെ ?

**അല്ലെങ്കിൽ**

ബി) സമൂഹം മാഞ്ഞു പോവുകയും വ്യക്തി തെളിഞ്ഞു വരികയും ചെയ്യുന്ന വ്യവസ്ഥിതിയെ നന്മയായി കണക്കാക്കാൻ വയ്യ എന്നതാണ് 'പ്രകൃതിനിയമ'ത്തിലെ മൗലികമായ നിലപാട്. – സമർത്ഥിക്കുക.

8) എ) ജീവിതമരണങ്ങൾ എഴുത്തുകാരന് ഒഴിയാബാധപോലെ ഒരു ദാർശനിക പ്രശ്നമാകുമ്പോഴാണ് 'സാക്ഷി'പോലൊരു നോവൽ പിറക്കുന്നത് – എന്തുകൊണ്ട് ?

**അല്ലെങ്കിൽ**

ബി) പുരോഗമന കലാസാഹിത്യ പ്രസ്ഥാനം മലയാള നോവലിന്റെ ഭാഷയിലും പ്രമേയത്തിലും സ്വാധീനം ചെലുത്തിയത് എപ്രകാരമെന്ന് പരിശോധിക്കുക.

9) എ) 'പി. സുരേന്ദ്രന്റെ നോവലുകളിലൂടെ പുതിയൊരു ലാവണ്യാത്മകദർശനം ഉയിരെടുക്കുന്നുണ്ട്' – വിമർശിക്കുക.

**അല്ലെങ്കിൽ**

ബി) കന്നിമണ്ണിനോട് പടവെട്ടി പൊലിഞ്ഞു പോകുന്ന കർഷക ജനതയുടെ സ്വപ്നങ്ങളുടെ കഥയാണ് 'വിഷകന്യക'യിൽ പറയുന്നത് – വിസ്തരിച്ച് പ്രതിപാദിക്കുക.

10) എ) ബോധധാരാരചനയുടെ സങ്കേതങ്ങൾ 'അരനാഴികനേര'ത്തിൽ ഫലപ്രദമായി വിനിയോഗിച്ചിട്ടുണ്ടെന്നു പറയാമോ ?

**അല്ലെങ്കിൽ**

ബി) ഉത്തരാധുനികഭാവുകത്വത്തെ പ്രതിഫലിപ്പിക്കുന്നവയാണ് സാറാജോസഫിന്റെ രചനകൾ – ശരിയോ ? **(5×6=30)**



III. **ആറു** പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

11) എ) പ്രമേയപരമായ വൈവിദ്ധ്യമില്ലായ്മയും കഥാപാത്രങ്ങളുടെ ടൈപ്പ് സ്വഭാവവും, ഒരു ബാധ്യതയായി നിലനിൽക്കെതന്നെ ജനപ്രിയസാഹിത്യത്തിന് സംസ്കാരപഠനത്തിൽ പ്രമുഖമായ സ്വീകാര്യതയുണ്ട് – ചർച്ച ചെയ്യുക.

**അല്ലെങ്കിൽ**

ബി) പട്ടാളക്കാരുടെ വരണ്ട ലോകത്തിലെ ഹൃദയ വികാരങ്ങളുടെ നോവുകൾ നന്തനാർ ആവിഷ്കരിക്കുന്നത് എപ്രകാരമെന്ന് വിശദീകരിക്കുക.

12) എ) സംതൃപ്തരായ മനുഷ്യരെ കണ്ടെത്താൻ സാധിക്കാത്ത നോവലിസ്റ്റാണ് എം. ടി. എന്ന വാദത്തിന്റെ പൊരുൾ അന്വേഷിക്കുക.

**അല്ലെങ്കിൽ**

ബി) വ്യവസ്ഥാപിത സമൂഹത്തിന്റെ മേൽക്കോയ്മാപരമായ മൂല്യവ്യവസ്ഥയോട് കലഹിക്കുന്ന കഥാപാത്രങ്ങളെ ആദ്യകാലമലയാള നോവലുകളിൽ കാണാം. നിരൂപിക്കുക.

13) എ) മിത്തിന്റെ രാഷ്ട്രീയപാരായണം ആധുനിക മലയാള നോവലുകളെ സജീവമാക്കുന്നുണ്ടോ ?

**അല്ലെങ്കിൽ**

ബി) ടി. എൻ. കോട്ടൂർ : എഴുത്തും ജീവിതവും എന്ന കൃതി വ്യവസ്ഥാപിത ചരിത്രനോവലിന്റെ ആഖ്യാനക്രമത്തെ ഭഞ്ജിക്കുന്നുണ്ടോ ? വ്യക്തമാക്കുക. **(3×10=30)**